ഫെസ്റ്റിവൽ അലവൻസ്

1140 [1819] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണത്തിനോടനുബന്ധിച്ച് നൽകിയ ഫെസ്റ്റിവൽ അലവൻസ് സംസ്ഥാനത്തെ എല്ലാ ജീവനക്കാർക്കും നൽകുകയുണ്ടായോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം വിഭാഗക്കാരെയാണ് ഒഴിവാക്കിയിട്ടുള്ളത്;

(സി) എല്ലാവർക്കും നൽകിയിട്ടുണ്ടെങ്കിൽ കൊയിലാണ്ടി ഉപവിദ്യാലയസ ജില്ലയിൽപെട്ട പാർട്ട് ടൈം ടീച്ചേഴ്സിന് പ്രസ്തുത അലവൻസ് നൽകിയിട്ടില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവർക്കും കൂടി അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 1-9-1978 ൽ പുറപ്പെടുവിച്ച ജി.ഒ. (പി) 674/78/ഫിൻ, 675/78/ ഫിൻ. എന്നീ ഉത്തരവുകളും അനുസരിച്ച് നടപ്പ് സാമ്പത്തിക വർഷത്തിൽ ബോണസോ ബോണസിന് പകരം മറ്റ് ഏതെങ്കിലും എക്സ് ഗ്രേഷ്യാ അലവൻസോ ലഭിക്കുന്ന സർക്കാർ ജീവനക്കാരൊഴികെയുള്ള എല്ലാവരും സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസിന് അർഹരാണ്. ഈ അലവൻസിന് അർഹതയുള്ള എല്ലാ ജീവനക്കാർക്കും അത് നൽകിയിട്ടുണ്ടോ എന്ന് തൽക്കാലം അറിയില്ല. ആർക്കെങ്കിലും കിട്ടിയിട്ടില്ല എന്ന് പരാതി ലഭിച്ചാൽ അതിനെപ്പറ്റി അന്വേഷിച്ച് വേണ്ട നടപടികളും കൈക്കൊള്ളുന്നതാണ്,

(സി) ഉണ്ട്.

(ഡി) ബില്ലുകളും ഉടനടി പാസ്സാക്കികൊടുക്കാനാവശ്യമായ നിർദ്ദേശം നൽകാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പട്ടം ജംഗ്ഷനിലുള്ള സിവിൽ സപ്ലൈസ് സ്റ്റോർ

1141 [1820] ശ്രീമതി ഗൗരിഭായി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ പട്ടം ജംഗ്ഷനിൽ ആരംഭിച്ചിട്ടുള്ള സിവിൽ സപ്ലൈസ് സ്റ്റോറിൽനിന്ന് അരിയും ഗോതമ്പും വിതരണം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

പട്ടം ജംഗ്ഷനിലുള്ള പച്ചക്കറി സ്റ്റാളും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു പരീക്ഷണാർത്ഥം തുടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ അവിടെ എല്ലാ സാധനങ്ങളും വച്ച് വില്പന നടത്തുവാനുള്ള സ്ഥലസൗകര്യമില്ല. പച്ചക്കറികളും കൂടാതെ പായ്ക്കുചെയ്ത സാധനങ്ങളും ഇപ്പോൾ വിറ്റുവരുന്നു. കൂടുതൽ സ്ഥലസൗകര്യം ഉണ്ടാക്കിത്തരുവാൻ കെട്ടിട ഉടമയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുകിട്ടുമ്പോൾ അരിയും മറ്റ് സാധനങ്ങളും വിതരണം നടത്താൻ തയ്യാറാണെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly